(സി) ഉണ്ട്. മന്ത്രിസഭയുടെ അംഗീകാരത്തോടെ സ്വകാര്യ എയ്ഡഡ് കോളേജിൽ നിന്നുള്ളയാളെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്.

(ഡി) ന്യൂനപക്ഷക്ഷേമവകുപ്പ് ഡയറക്ടറെ റെഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

കൈപ്പാട് കൃഷി

135 (4170) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈപ്പാട് കൃഷി എത്ര ഏക്കർ സ്ഥലത്ത് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ :

(ബി) കണ്ണൂർ കാസർഗോഡ് ജില്ലകളിലെ തീരദേശങ്ങളിൽ പ്രസ്തുത കൃഷി വ്യാപിപ്പിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ആകെ 957 ഏക്കറിൽ കൈപ്പാട്കൃഷി നടത്തുന്നുണ്ട്.

(ബി) കൈപ്പാട് പ്രദേശത്തെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി കെ.എൽ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.എൽ.ഡി.സി. വിവിധ പഞ്ചായത്തുകളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് എടുത്തുവരുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ തസ്തിക

136 (4171) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് മുതലായ തസ്തികകൾ അനുവദിക്കാത്ത എത്ര കൃഷിഭവനുകൾ നിലവിലുണ്ടെന്നും, അവ ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത കൃഷി ഭവനുകളിൽ ഈ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കാത്ത കൃഷി ഭവനുകൾ നിലവിലില്ല.

പഴം, പച്ചക്കറി കൃഷി

137 (4172) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും പുതിയ തലമുറയെ കാർഷിക വൃത്തിയിലേയ്ക്കാകർഷിക്കാനും ലക്ഷ്യമിട്ട് 2015-16-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവ കൃഷിക്ക് ഊന്നൽ നല്കിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജൈവ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഒരു അവബോധം സൃഷ്ടിക്കാനും ജൈവ കൃഷി ആസ്വാദമാക്കിയുള്ള ലഘുലേഖകളും കൈപുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന നല്കി വരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു. പദ്ധതി മുഖേന ആകെ 32629 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യാനും 424144 ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly